പദ്ധതിയിൽ പ്രസരണ മേഖലയിൽ നിന്നും വിവിധ പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. വിവിധ പ്രസരണ പദ്ധതികൾക്കാവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

നവീകരണ ഊർജ്ജോൽപ്പാദനത്തിനായി 268 മെഗാവാട്ട് സോളാർ പദ്ധതിയും ഏകദേശം 114 മെഗാവാട്ടിന്റെ വിൻഡ് പദ്ധതിയും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ചേലക്കര മണ്ഡലത്തിലെ വോൾട്ടേജ് ക്ഷാമത്തിന് പരിഹാരം

3 (5807) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ചേലക്കര നിയോജ മണ്ഡലത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചുവെന്നും അത് എവിടെയെല്ലാമാണെന്നും പറയാമോ ;

(ബി) ഇതിലേക്കായി പുതുതായി സ്ഥാപിച്ച ത്രീ ഫേസ് വൈദ്യുതിലൈനുകൾ എവിടെയെല്ലാമാണെന്നും അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ ;

(സി) വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി എം.എൽ.എ. ഫണ്ടിൽനിന്നും നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാംമാണെന്നും അതിന്റെ വിശദാംശങ്ങളും ലഭ്യമാക്കാമോ ;

(ഡി) പുതുതായി എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കിയതും ഇനി നടപ്പിലാക്കാൻ ശിപാർശ ചെയ്തിട്ടുള്ളതുമായ വൈദ്യുതീകരണ പദ്ധതികളുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ ?

ഉത്തരം

(എ&ബി) 59 ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത ട്രാൻസ്ഫോർമറുകളും ഇതിലേക്കായി പുതുതായി സ്ഥാപിച്ച ത്രീ ഫേസ് വൈദ്യുതി ലൈനുകളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി&ഡി) വോൾട്ടേജ്ക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി എം.എൽ.എ. ഫണ്ടിൽനിന്നും പദ്ധതികളൊന്നും നടപ്പിലാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് ചേലക്കര ഗ്രാമപഞ്ചായത്തിലെ 17 MW വാർഡിൽ സ്ട്രീറ്റ് ലൈൻ നീട്ടുന്നതിനുവേണ്ടി 1 ലക്ഷം രൂപയുടെ പ്രൊപ്പോസൽ 6-1-2015 ൽ തൃശ്ശൂർ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly